# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 നവംബർ 25

# വാർത്താക്കുറിപ്പ്

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ ബി.ടെക് (പുതിയ സ്കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/ മേഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 10 മുതൽ നടക്കും.

(പി.ആർ.ഒ/39/1400/2021)

നാലാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2019 അഡ്മിഷൻ - റഗുലർ) പരീക്ഷകൾ ഡിസംബർ ആറിന് ആരംഭിക്കും. പിഴയില്ലാതെ നവംബർ 30 വരെയും 525 രൂപ പിഴയോടെ ഡിസംബർ ഒന്നിനും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ രണ്ടിനും അപേക്ഷിക്കാം. വിദ്യാർഥികൾ 210 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1401/2021)

## പരീക്ഷ ഡിസംബർ 21 ന്

നവംബർ 18ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജിലെ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്കുള്ള മൂന്നാം സെമസ്റ്റർ എം.എ. സംസ്കൃതം പ്രൈവറ്റ് രജിസ്ട്രേഷൻ - 2018 അഡ്മിഷൻ റഗുലർ) പേപ്പർ 13 - സ്റ്റഡി ഓഫ് സാൻസ്ക്രിറ്റ് ഡ്രാമ വിത്ത് ഇറ്റ്സ് മലയാളം ആന്റ് ഇംഗ്ലീഷ് ട്രാൻസ്ലേഷൻ - അഭിജ്ഞാന ശാകുന്തള ഓഫ് കാളിദാസ എന്ന പേപ്പറിന്റെ പരീക്ഷ ഡിസംബർ 21ന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും.

(പി.ആർ.ഒ/39/1402/2021)

## അപേക്ഷ തീയതി നീട്ടി

അഫിലിയേറ്റഡ് കോളേജുകളിലെ പത്താം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ 28 വരെയും 525 രൂപ പിഴയോടെ നവംബർ 29 നും 1050 രൂപ സൂപ്പർഫൈനോടെ നവംബർ 30 നും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി അടയ്ക്കണം. കൂടാതെ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി യഥാക്രമം 1050 രൂപയും 135 രൂപയും പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1403/2021)

## അപേക്ഷാ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ആറുമുതൽ പത്തുവരെ വർഷ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം - ഓണേഴ്സ് - 2006 അഡ്മിഷൻ മുതൽ മേഴ്സിചാൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ ഒന്നുവരെയും 525 രൂപ പിഴയോടെ ഡിസംബർ രണ്ടുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ മൂന്നുവരെയും അപേക്ഷിക്കാം. വിദ്യാർഥികൾ 7350 രൂപ രണ്ടാം മേഴ്സി ചാൻസ് സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1404/2021)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പത്താം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) 2016 അഡ്മിഷൻ - റഗുലർ/ 2016ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ ഒന്നുവരെയും 525 രൂപ പിഴയോടെ ഡിസംബർ രണ്ടുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ മൂന്നുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി.ക്യാമ്പ് ഫീസായി പരീക്ഷ ഫീസിന് പുറമെ അടയ്ക്കണം.

## പരീക്ഷാ ഫലം

2020 നവംബറിൽ നടന്ന എട്ടാം സെമസ്റ്റർ ഡ്യുവൽ ഡിഗ്രി (ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് - മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1406/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. അനലിറ്റിക്കൽ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഒൻപതുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1407/2021)

2021 ജൂണിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. കെമിസ്ട്രി (ഇനോർഗനിക്, ഓർഗാനിക്, ഫിസിക്കൽ ആന്റ് പോളിമർ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1408/2021)

2021 സെപ്റ്റംബറിൽ നടന്ന നാലാം വർഷ ബാച്ചിലർ ഓഫ് സയൻസ് ഇൻ മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (2016 അഡ്മിഷൻ - റഗുലർ) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1409/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ജിയോളജി (റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ എട്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1410/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ എട്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1411/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. പോളിമർ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഒൻപതുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1412/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ഇലക്ട്രോണിക്സ് പി.ജി.സി.എസ്.എസ്. (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ എട്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1413/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ആറുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1414/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. മൈക്രോബയോളജി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 10നകം ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1415/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ബയോടെക്നോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1416/2021)

## പ്രബന്ധ രചന മത്സരം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി പ്രബന്ധ രചന മത്സരം നടത്തുന്നു. 'ആധുനിക സമൂഹത്തിൽ ഭിന്നശേഷി വിഭാഗങ്ങളുടെ നേതൃത്വവും പങ്കാളിത്തവും' എന്ന വിഷയത്തിലാണ് മത്സരം. സർവകലാശാലയ്ക്ക് കീഴിലുള്ള പഠനവകുപ്പുകളിലെയും കോളേജുകളിലെയും വിദ്യാർഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. അഞ്ച് പുറത്തിൽ കവിയാതെ എഴുതിയ പ്രബന്ധം പേര്, മൊബൈൽ നമ്പർ, പഠിക്കുന്ന സ്ഥാപനത്തിന്റെ പേര്, മേൽവിലാസം എന്നിവ ചേർത്ത് irldmgu@gmail.com എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യണം. നവംബർ 30ന് വൈകീട്ട് അഞ്ചുവരെ ലഭിക്കുന്ന പ്രബന്ധങ്ങളാണ് പരിഗണിക്കുക. വിശദവിവരത്തിന് ഫോൺ: 9946226638.

(പി.ആർ.ഒ/39/1417/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ